# <u>കോളജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ:C2/22069/2020/DCEതിരുവനന്തപുരം  തീയതി:22.02.2021

---

*പരാമർശം:*-1. 03.01.2014 ലെ സ.ഉ (പി ) നം .01/ 2014/ ഉ ഭ പ വ
2. 28.05.2015 ലെ സ. ഉ. (പി ) നം 16/ 2015/ ഉ ഭ പ വ
3. 21/ 01/ 2016 ലെ സി 2/ 3075/ 2014/ കോ വി വാ നം മുൻഗണനാ പട്ടിക
4. 06/ 07/ 2019 ലെ സി 1/ 3705/ 2014/ കോ വി വാ നം മുൻഗണനാ പട്ടിക
5. 16/ 07/ 2019, 19/ 01/ 2021 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

## <u>ഉത്തരവ്</u>

പരാമർശം 1 പ്രകാരം ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സെർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും പ്രവേശന തസ്തികയിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . ആയതിലേക്കായി 2020 വർഷത്തിൽ വകുപ്പിൽ ഉണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിൽ ഒരു ഒഴിവ് മാറ്റിവച്ചിരുന്നു .

പരാമർശം 4 പ്രകാരം ക്ലാർക്ക് തസ്തികയിലേക്കുള്ള 10% തസ്തികമാറ്റം നൽകുന്നതിനായി ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ സംയോജിത മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിരുന്നു . 2020 വർഷത്തിൽ ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവ് തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിരുന്നത് മലപ്പുറം ജില്ലയിലാണ് .

മേൽസാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കോളജ് വിദ്യാഭ്യാസ വകുപ്പിൽ കീഴിലുള്ള പെരിന്തൽമണ്ണ , പി ടി എം ഗവണ്മെന്റ് കോളജിലെ ഒഴിവിലേക്ക് പരാമർശം 4 മുൻഗണനാ പട്ടികയിലെ ക്രമനമ്പർ 7 ആയ ശ്രീ ടി ടി സത്യൻ നു (മുൻഗണനാ പട്ടികയിൽ 5 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട് , ക്രമനമ്പർ 4,6 പ്രൊമോഷൻ നിരസിച്ചിരുന്നു ) 19000 - 43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശിച്ച ജീവനക്കാരൻ 14 ദിവസത്തിനകം നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി ക്ലാർക്ക് തസ്തികയിൽ നിയമിച്ചിരിക്കുന്ന കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . ടി ജീവനക്കാരന്റെ വിടുതൽ ചെയുന്ന വിവരം യഥാസമയം ബന്ധപ്പെട്ട മേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

Approval Valid

Digitally Approved By
ഷൃജ ആർ
Date: [illegible].02.2021
Reason: Approved

Sd/-
ഷൃജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1. പ്രിൻസിപ്പാൾ കെ എം എം സർക്കാർ കോളജ് , കണ്ണൂർ